(1)	(2)
2018-19	1145973
2019-20	1168586
2020-21	1197243

(ബി) ഓരോ അദ്ധ്യയന വർഷവും സർക്കാർ സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സ്കൂളുകളിൽ മാത്രം പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം താഴെപ്പറയുന്നു :

വർഷം	സർക്കാർ വിദ്യാലയങ്ങളിൽ നിലവിലുള്ളവർക്ക് പുറമേ പുതുതായി ചേർന്നവർ
2016-17	28860
2017-18	59852
2018-19	71360
2019-20	65215
2020-21	68742
ആകെ	294029

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

216(826) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രകാരം സ്കൂൾ അടിസ്ഥാനത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് വിദ്യാലയങ്ങളെ സജ്ജമാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ 2020 ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാതിരുന്നതിനാൽ പരമാവധി സാധ്യായ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിൽ അവധി ദിനങ്ങൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനം വഴി പുനഃക്രമീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൈറ്റ് വിക്ടേഴ്സ് മുഖേന 'ഫസ്റ്റ്ബെൽ' ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ആരംഭിച്ചത്. കോവിഡ്-19 മഹാമാരിയുടെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്റർനെറ്റ് അധിഷ്ഠിത ഓൺലൈൻ ക്ലാസ്സുകൾ പ്രായോഗികമല്ലാതിരുന്ന പശ്ചാത്തലത്തിലാണ് കഴിഞ്ഞ വർഷം കൈറ്റ് വിക്ടേഴ്സിലൂടെ ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസ്സുകൾ വിജയകരമായി നൽകിയത്. ഈ വർഷവും മഹാമാരി തുടരുന്ന സാഹചര്യമുള്ളതിനാൽ ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് നേരിട്ട് അവരുടെ അദ്ധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനം ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്.

(ബി) വിദ്യാലയ വിദ്യാഭ്യാസത്തിന്റെ അഭാവം വിദ്യാർത്ഥികളിൽ മാനസിക പിരിമുറുക്കത്തിനും വിഷാദ മനോഭാവത്തിനും കാരണമാക്കിയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിദ്യാർത്ഥികളുടെ മാനസികവ്യഥ ലഘൂകരിക്കുന്നതിനായി സ്കൂളുകൾ മുഖേന പ്രത്യേക ഓൺലൈൻ ക്ലാസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാർത്ഥികളുടെ മാനസികവ്യഥ പരിഹരിക്കുന്നതിന് സഹായകരമാംവിധം 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മന:ശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പംതന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽവഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട്, സ്കൂളുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്ക് ഇപ്പോൾത്തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിതനൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് "ഉല്ലാസപരവകൾ" എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനാ വിഷയമാണ്. Our Responsibility to children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഊന്നൽ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൃപ്തികരമായ ഓൺലൈൻ പഠനത്തിലൂടെ പഠന നിലവാരം ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നത് എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലായിരിക്കും. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ ക്ലാസ്സുകൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കിയതുപോലെ ഓൺലൈൻ ക്ലാസ്സുകളും എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

150 - 200 വർഷം പഴക്കമുള്ള സ്കൂളുകൾക്ക് പ്രത്യേക ധനസഹായം

217(827) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 200 വർഷം പഴക്കമുള്ള സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകുമെന്ന് 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലും 150 വർഷം പിന്നിട്ട സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകുമെന്ന് 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ & ഹയർ സെക്കൻഡറി സ്കൂളിനും മാവേലിക്കര ഗവൺമെന്റ് എൽ.പി.എസ്.-നും ധനസഹായം നൽകുമോ എന്നും ധനസഹായം നൽകുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത ആവശ്യത്തിലേയ്ക്ക് വിശദമായ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടോ എന്നും അതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.